## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ: 6199

07.11.2016-ൽ മറുപടി നൽകേണ്ടിയിരുന്നത്

### ഇടമലക്കുടി പഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യവികസനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ് | | ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയം ഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| എ) | കേരളത്തിൽ ഇടമലക്കുടിക്ക പുറമെ പുതിയതായി എത്ര പട്ടികവർഗ്ഗ പഞ്ചായത്തുകളാണ് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ; | എ) | ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | ഇടമലക്കുടി പഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) & (സി) | ഇടമലക്കുടി ഗ്രാമപഞ്ചായത്തിന് സൊസൈറ്റിക്കുടിയിൽ സ്വന്തമായി ഓഫീസ് പണിയുന്നതിന് തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പിന്റെ 11.04.2017-ലെ ജി.ഒ.(ആർ.റ്റി) 1134/17/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പരമ്പരാഗത സാങ്കേതിക വിദ്യ അവലംബിച്ച് നിർമ്മിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. കൂടാതെ സൊസൈറ്റിക്കുടിയിൽ പോലീസ് ഔട്ട്പോസ്റ്റ് ആയി പ്രവർത്തിച്ചിരുന്ന മുറിയിൽ തൽക്കാലം പഞ്ചായത്ത് ഓഫീസ് പ്രവർത്തിപ്പിക്കുവാൻ തീരുമാനിക്കുകയും ടി കെട്ടിടത്തിന്റെ മെയിന്റനൻസും വൈദ്യുതീകരണവും നടന്നുവരുന്നുണ്ട്.<br><br>ഇടമലക്കുടിയിലേക്ക് റോഡ് നിർമ്മിക്കുന്നത് വനംവകുപ്പിന്റെ മേൽ നോട്ടത്തിലാണ്. പെട്ടിമുടിയിൽ നിന്നും പഞ്ചായത്ത് ആസ്ഥാനത്തേയ്ക്ക് വനംവകുപ്പ് നിർമ്മാണം ആരംഭിച്ചുവെങ്കിലും നിർമ്മാണം പാതിവഴിയിൽ അവസാനിപ്പിച്ചിരിക്കുകയാണ്. ടി റോഡ് ഗതാഗതയോഗ്യമാകുന്ന പക്ഷം പഞ്ചായത്ത് ആസ്ഥാനത്തേയ്ക്ക് വാഹന സൗകര്യം ലഭ്യമാകുന്നതാണ്. |
| (സി) | നിലവിൽ ഇടമലക്കുടിയിലേക്ക് റോഡ് ഇല്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ റോഡുൾപ്പെടെ, പഞ്ചായത്തിന് സ്വന്തമായി ഓഫീസും മറ്റ് അടിസ്ഥാന സൗകര്യങ്ങളും സമയബന്ധിതമായി ഒരുക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ